By Special Messenger

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - പൊതുമേഖലാ സ്ഥാപനങ്ങളിലെ അംഗപരിമിതരായ ജീവനക്കാരുടെ സ്പെഷ്യൽ അലവൻസ് നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പി.യു.സി) വകുപ്പ്**

**സ.ഉ(അച്ചടി) നം. 52/2017/ധന** **തീയതി, തിരുവനന്തപുരം, 22.04.2017.**

---

പരാമർശം: 1. സ.ഉ.(അച്ചടി) നം. 380/2011/ധന തീയതി 02.09.2011.

2. സ.ഉ.(അച്ചടി) നം. 07/2016/ധന തീയതി 20.01.2016.

3. കെൽ എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 29.12.2016-ലെ കത്ത്.

## ഉത്തരവ്

സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ അംഗപരിമിതരായ ജീവനക്കാരുടെ സ്പെഷ്യൽ അലവൻസ് നിരക്ക് 300/- രൂപയിൽ നിന്നും 600/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു.

സൂചന (2) ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ സേവനത്തിലുള്ള 40%-ൽ കുറയാതെ സ്ഥിരമായോ/ഭാഗികമായോ വൈകല്യമുള്ള അംഗപരിമിതരായ ജീവനക്കാരുടെ പ്രതിമാസ സ്പെഷ്യൽ അലവൻസ് നിരക്ക് 600/- രൂപയിൽ നിന്നും 800/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിൻ പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ അംഗപരിമിതരായ ജീവനക്കാരുടെ സ്പെഷ്യൽ അലവൻസും സർക്കാർ സർവ്വീസിലുള്ള അംഗപരിമിതരായ ജീവനക്കാരുടേതിനു സമാനമായി വർദ്ധിപ്പിക്കണമെന്ന ആവശ്യം സർക്കാർ വിശദമായി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടേതിനു തുല്യമായ ശമ്പള ഘടന തുടർന്നു വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ 40%ൽ അധികം അംഗവൈകല്യമുള്ള ജീവനക്കാരുടെ സ്പെഷ്യൽ അലവൻസ് പ്രതിമാസം 600/- രൂപയിൽ നിന്ന് 800/- രൂപയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. പുതുക്കിയ നിരക്കിന് ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**ജെ.വിജയമോഹനൻ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/എ & ആർ.എസ്.എ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

3. പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് (BPE) വകുപ്പ്
4. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും / ബോർഡുകളുടെയും / കോർപ്പറേഷന്റെയും ചീഫ് എക്സിക്യൂട്ടീവ്സ്.
5. ലേബർ കമ്മീഷണർ, തിരുവനന്തപുരം.
6. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ / സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ / അണ്ടർ സെക്രട്ടറിമാർ
7. ഗവർണ്ണറുടെ സെക്രട്ടറി
8. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
9. സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
10. പ്രതിപക്ഷ നേതാവിന്റെയും ഗവ. ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ
11. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
12. പബ്ലിക് റിലേഷൻ ഡയറക്ടർ, തിരുവനന്തപുരം
13. നോഡൽ ഓഫീസർ www.finance.kerala.gov.in
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ